പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2178** **13.06.2019 - ൽ മറുപടിക്ക്.**

## മാരകരോഗം ബാധിച്ചവരുടെ റേഷൻ കാർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ആന്റണി ജോൺ:** | | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** | മാരകരോഗം ബാധിച്ച വ്യക്തികളുള്ള കുടുംബങ്ങളുടെ റേഷൻ കാർഡ് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിവരുന്നുണ്ടോ; | **(എ)** | മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ച 18.09.2017 ലെ സ.ഉ.(സാധാ)നം. 320/17/ഭ.പൊ.വി.വ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത മാരകരോഗം ബാധിച്ച വ്യക്തികളുള്ള കുടുംബങ്ങളുടെ റേഷൻ കാർഡ് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(ബി)** | ഇത്തരത്തിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കോതമംഗലം താലൂക്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | **(ബി) യും (സി) യും (ഡി) യും** | മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കോതമംഗലം താലൂക്കിൽ 38 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇത്തരം അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുണ്ടെന്ന് കാണുന്ന പക്ഷം താലൂക്കിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുന്നതാണ്. |
| **(സി)** | പ്രസ്തുത അപേക്ഷകളിൽ എത്രപേരെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | | |
| **(ഡി)** | ഇത്തരം അപേക്ഷകളിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**